സംഭവത്തെ ഇന്ന് വളരെ വിശദമായിട്ട് തന്നെയാണ് 'മംഗളം' ദിനപ്പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് സമഗ്രമായി അന്വേഷിച്ച് ആ സാമൂഹ്യ ദ്രോഹികൾക്ക് തക്കതായ ശിക്ഷ നൽകാൻ വേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, പത്തനംതിട്ട അടൂർ-പൊങ്ങലടി, തെങ്ങുവിളയിൽ തങ്കമ്മയുടെ മകൾ ലതയെ അയൽവാസികളും ബന്ധുക്കളുമായ ഭവാനി, പൊടിപ്പെണ്ണ്, ബാലൻ, സുരേന്ദ്രൻ എന്നിവരും ചേർന്ന് 8-6-2003-ന് ദേഹോപദ്രവം ഏൽപ്പിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 341, 323, 224, 354, 427, 34 എന്നീ വകുപ്പു പ്രകാരം ക്രൈം 74/2003 നമ്പറായി കൊടുമൺ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് പ്രതികളായി പറഞ്ഞിട്ടുള്ള നാലുപേരേയും പോലീസ് അറസ്റ്റ് ചെയ്യുകയും അവർ ഇപ്പോൾ ജാമ്യത്തിലുമാണ്. ലത ചെറിയ രീതിയിൽ ചിട്ടിയും പിരിവും നടത്തിവരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട വഴക്കാണ് ഈ സംഭവത്തിന് കാരണമെന്ന് അറിയുന്നു. പോലീസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എ. കുട്ടപ്പൻ അന്വേഷിച്ചതിൽ തർക്ക കക്ഷികൾ രണ്ടും പട്ടികജാതിക്കാരാണ് എന്നാണ് അറിയുന്നത്. കുറ്റവാളികൾ ആരായാലും അവർക്കെതിരെ കർശനമായ നടപടിയെടുക്കുന്നതാണ്.

(4) എസ്. ടി വിഭാഗത്തിന് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലെ കാലതാമസം

ശ്രീമതി രാധാരാഘവൻ : സർ, ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത് ആരേയും കുറ്റപ്പെടുത്താനല്ല. പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിലെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ പട്ടികജാതിക്കാർക്ക് നേരത്തേ നൽകുകയും പട്ടികവർഗ്ഗത്തിന് വൈകിപ്പോലും നൽകുന്നില്ല എന്ന ഒരു അനുഭവമാണ് ഇപ്പോൾ ഉള്ളത്. വീട്, വസ്തു, എന്നീ ആനുകൂല്യങ്ങളുടെ കാര്യത്തിലും പട്ടികവർഗ്ഗ വിഭാഗത്തിന് നൽകുന്നതിന് ഇതേ താമസം ഉണ്ടാകുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനോട് വിവേചനം പാടില്ല. രണ്ടു വിഭാഗത്തിനും ഗ്രാന്റും ആനുകൂല്യങ്ങളും ഒപ്പം കിട്ടുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് എന്റെ സബ്മിഷൻ .

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) : സർ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് പെട്ടെന്നും പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് താമസിച്ചും നൽകുന്നു എന്ന ഒരു ആക്ഷേപമാണ് ബഹുമാന്യയായ മെമ്പർ ഉന്നയിച്ചത്. അതുപോലെ തന്നെ വീടുകൾക്കുവേണ്ടിയുള്ള ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly

നൽകുമ്പോഴുമൊക്കെ പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിൽ കാലതാമസം വരുത്തുന്നു എന്നുള്ള ആക്ഷേപമാണുള്ളത്. പട്ടികജാതിക്കാരെന്നോ പട്ടികവർഗ്ഗക്കാരെന്നോ ഉള്ള യാതൊരു വിവേചനവും ഈ ആനുകൂല്യം നൽകുന്നതിൽ ഇല്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവൺമെൻറിന്റെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കുട്ടികളെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ പട്ടികജാതി ഓഫീസിലും പട്ടികവർഗ്ഗ ഓഫീസിലും എത്താനുള്ള കാലതാമസം, ഫണ്ടിന്റെ ലഭ്യത അതുപോലെ ബഡ്ജറ്റ് പ്രൊവിഷൻ ഓരോ മാസവും ചെലവഴിക്കുന്നത് സംബന്ധിച്ച മന്ത്ലി സീലിംഗ്, മന്ത്ലി സീലിംഗ് ലഭ്യമാക്കാനുള്ള കാലതാമസം, ഇതുകൊണ്ടൊക്കെയാണ് അല്പം താമസം വരുന്നത് അതല്ലാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരത്തേ കൊടുക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് താമസിച്ചു കൊടുക്കുക എന്ന സമീപനം ഇല്ല. രണ്ടു ഭാഗത്തിൽപ്പെട്ടവർക്കും എത്രയും വേഗം ആനുകൂല്യങ്ങൾ കൊടുക്കണമെന്നാണ് ഗവൺമെൻറിന്റെ ആഗ്രഹം. അല്ലാതെ മനഃപൂർവ്വമായി ഒന്നും ഉണ്ടായിട്ടില്ല. വയനാട് ജില്ലയിൽ ഏകദേശം 21.16 ലക്ഷം രൂപ വിദ്യാഭ്യസ ആനുകൂല്യങ്ങൾക്കായി നൽകി. അതിൽ 4.65 ലക്ഷം രൂപ കഴിഞ്ഞ വർഷത്തെ കുടിശ്ശികയായിരുന്നു. ഇക്കാര്യത്തിൽ ഒരു വിവേചനവും കാണിക്കുന്നില്ല. പിന്നെ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ഹൗസിംഗിന്റെ കാര്യത്തിൽ പട്ടികജാതിക്കാർക്ക് കൊടുക്കുമ്പോൾ അവർ സ്വയം വീടു വയ്ക്കാൻ തയ്യാറാവുകയാണ്. പക്ഷേ പട്ടികവർഗ്ഗത്തിൽപ്പെട്ട ചില വിഭാഗങ്ങൾ പണിയർ-അടിയർ തുടങ്ങിയ ആളുകൾ സ്വയം വീടു വയ്ക്കാൻ താൽപ്പര്യം കാണിക്കുന്നില്ല എന്നുള്ളതാണ് അനുഭവത്തിൽ നിന്നും പഠിക്കുന്നത്. അതല്ലാതെ പട്ടികവർഗ്ഗക്കാരോട് യാതൊരു വിവേചനവും കാണിച്ചിട്ടില്ല; കാണിക്കാൻ ഉദ്ദേശിക്കുന്നുമില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യങ്ങളെക്കുറിച്ച് അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ പരിഗണിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(5) കോഴിക്കോട് ജില്ലയിലെ ബൊട്ടാണിക്കൽ ഗാർഡൻ

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കോഴിക്കോട് ജില്ലയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് ബൊട്ടാണിക്കൽ ഗാർഡൻ 1996-ൽ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ എന്നാക്കി, പിന്നീട് ശാസ്ത്ര ഗവേഷണ പ്രവർത്തനം കണക്കിലെടുത്ത് ഭരണച്ചുമതല ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് കൈമാറുകയുണ്ടായി. ഈ സ്ഥാപനത്തിന് ആവശ്യമായ പരിഗണന സർക്കാരിൽ നിന്ന് ലഭിക്കുന്നില്ല. ആയിരക്കണക്കിന് ശാസ്ത്ര ഗവേഷകരും വിദ്യാർത്ഥികളും ഈ സ്ഥാപനത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. ഈ സ്ഥാപനത്തിന് അർഹിക്കുന്ന പരിഗണന ലഭിക്കുന്നതിന് 2002-ൽ സർക്കാർ രൂപം നൽകിയ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഉൾപ്പെടുത്തി ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

10.A.M.]

LIBRARY ARCHIVES Kerala Legislative Assembly